ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

10 (2309) പെൻഷൻപറ്റി പിരിഞ്ഞവർ

ശ്രീ. പി.ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ലും 1999-ലും സർക്കാർ സർവ്വീസിൽ നിന്നും എത്രപേർ പെൻഷൻപറ്റി പിരിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 1998-ലും 1999-ലും പി.എസ്.സി. മുഖേന എത്ര പേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

11 (2310) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ്

ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി. എന്നാണ് ടെസ്റ്റ് നടത്തിയത്;

(ബി) ടെസ്റ്റിനുശേഷം പ്രാക്ടിക്കൽ ടെസ്റ്റ് എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ആകെ എത്ര ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ വേണ്ടിയാണ് ടെസ്റ്റ് നടത്തിയത്;

(ഡി) റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിടാൻ എന്താണ് കാരണം എന്ന് അറിയിക്കുമോ;

(ഇ) റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(ഇ)വരെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

12 (2311) കാസർഗോഡ് ജില്ലയിലെ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിലായി ഇപ്പോൾ എത്ര തസ്തികകൾ ഒഴിവുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly